# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2705 17.06.2019 -ലെ മറുപടി

### തലസ്ഥാന നഗരിയിലെ തോടുകളും ആറുകളും ശുചീകരിക്കുവാൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തലസ്ഥാന നഗരിയിലെ മിക്ക തോടുകളും ആറുകളും ആപത്കരമാം വിധം മലീമസമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | മലീമസമാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട് |
| (ബി) | ആമയിഴഞ്ചാൻ തോട്, പഴവങ്ങാടി തോട്, ഉള്ളൂർ തോട്, പട്ടം തോട് എന്നിവിടങ്ങളിൽ വർഷങ്ങളായി അടിഞ്ഞുകിടക്കുന്ന മണ്ണും എക്കലും നീക്കം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (ബി) | പ്രളയാനന്തരം ആമയിഴഞ്ചാൻ തോടിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് വേസ്റ്റും മറ്റ് മാലിന്യങ്ങളും എസ്.ഡി.ആർ.എഫ് ഫണ്ടിൽ ഉൾപ്പെടുത്തി നീക്കം ചെയ്യുന്ന പ്രവൃത്തി നടന്നു വരുന്നു. 25 കോടിയുടെ Desilting and reconstruction of Amayizhanjan thodu from Kannammoola to Akkulam എന്ന പ്രവൃത്തിക്ക് 01/03/2019 ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പഴവങ്ങാടി തോടിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ വേസ്റ്റും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുവേണ്ടി 12 ലക്ഷം രൂപയുടെയും ഉള്ളൂർ തോടിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 15 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി അടിയന്തര |

തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടം തോടിൽ അടിഞ്ഞുകിടക്കുന്ന മണ്ണും, എക്കലും നീക്കം ചെയ്യുന്നതിനോടൊപ്പം നിലവിലുള്ള പാർശ്വഭിത്തിയുടെ അറ്റകുറ്റപണികൾ, പാർശ്വഭിത്തി ആവശ്യം വേണ്ടിടങ്ങളിൽ അവയുടെ നിർമ്മാണം ചെറിയ വാഹനം കടന്നുപോകുന്നതിനുള്ള സ്ലാബ് കവറിംഗ് (ഏകദേശം 60 മീറ്റർ) എന്നിവയ്ക്കായി ഉദ്ദേശിച്ചുകൊണ്ടുള്ള 2 പ്രവൃത്തികൾ എഗ്രിമെന്റ് വച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പേരും ഭരണാനുമതി തുകയും ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടം തോട് മേലേ ബണ്ട് കോളനിയുടെ ഇടതു കരയിലുള്ള തേക്കുമൂട് പാലത്തിന്റെ മുകൾഭാഗത്തുള്ള പാരപ്പറ്റിന്റെ നിർമ്മാണവും പാർശ്വഭിത്തി സംരക്ഷണവും. - 50 ലക്ഷം
2. തിരുവനന്തപുരം കോർപ്പറേഷനിലെ പ്ലാമൂട് പാലത്തിന്റെ മുകൾഭാഗത്തുള്ള ഓടയ്ക്ക് കവറിംഗ് സ്ലാബ് ഇടലും പട്ടം തോടിന്റെ ഇടതു വശത്ത് പാർശ്വഭിത്തി നിർമ്മാണവും. - 56.40 ലക്ഷം

കൂടാതെ പട്ടം തോടിലെ എക്കലും മണ്ണും നീക്കം ചെയ്യുന്നതിനായി 3 പ്രവൃത്തികളുടെ അടങ്കൽ തയ്യാറാക്കിയിട്ടുണ്ട്. ആയവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1.തിരുവനന്തപുരം കോർപ്പറേഷനിലെ നേതാജി പാലം മുകൾ ഭാഗം രശ്മി നഗർ പാലം വരെയുള്ള പട്ടം തോടിന്റെ ചെളിമാറ്റൽ സംബന്ധിച്ച്.-4.65 ലക്ഷം

2. തിരുവനന്തപുരം കോർപ്പറേഷനിൽ

കണ്ണമ്മൂല വാർഡിലെ പട്ടം തോട്
പ്രഭാലെയിനിൽ മുളവന പാലത്തിന്റെ കീഴ്
ഭാഗത്ത് അടിഞ്ഞു കൂടിയ മണ്ണ് മാറ്റു
വൃത്തിയാക്കലും സംബന്ധിച്ച്. - 1.23 ലക്ഷം

3. പട്ടം തോടിലെ പ്ലാമൂട് പാലത്തിന് കീഴ് ഭാഗം മുതൽ തേക്കും മൂട് പാലത്തിന് മുകളിലോട്ട് 200 മീ. വരെയും കണ്ണമ്മൂല പാലം മുതൽ കൊല്ലൂർ പാലം വരെയുള്ള പട്ടം തോടിന്റെ വൃത്തിയാക്കൽ സംബന്ധിച്ച്. - 3.14 ലക്ഷം

(സി) ഇതു സംബന്ധിച്ച് ജില്ലാ കളക്ടർക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; അംഗീകാരം ലഭിച്ചിട്ടില്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സ്കീമുകളിൽ ഉൾപ്പെടുത്തി ഈ തോടുകൾ എല്ലാ വർഷവും ശുചീകരിക്കുവാൻ പദ്ധതി ആവിഷ്കരിക്കുമോ?

(സി) ഇല്ല, എല്ലാ വർഷവും മഴക്കാലത്തിനു മുമ്പായി തോടുകൾ ശുചിയാക്കുന്നതിനുള്ള പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ